(ബി) വിവിധ തദ്ദേശസ്ഥാപനങ്ങളിലെ കുടിശ്ശിക ഗഡുക്കളുടെ കാര്യത്തിൽ ഏകീകൃത സ്വഭാവം ഇല്ല. പൊതുവായി 2014 സെപ്റ്റംബർ മുതൽ 2015 ജനുവരി മാസം വരെയുള്ള അഞ്ച് ഗഡുക്കളാണ് കുടിശ്ശികയുള്ളത്.

(സി) അവശരും രോഗികളും വൃദ്ധരും വികലാംഗരും ആയ ഗുണഭോക്താക്കൾക്ക് മണിയോർഡർ ആയി തുക ലഭിക്കുന്നതിനുള്ള സംവിധാനം ഇപ്പോഴും നിലവിലുണ്ട്. ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട്, ഇ.എം.ഒ. എന്നീ വിതരണ രീതികളിൽ ഏത് രീതിയിൽ പെൻഷൻ ലഭിക്കണമെന്ന് തീരുമാനിക്കേണ്ടത് ഗുണഭോക്താവ് തന്നെയാണ്. കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായി ക്ഷേമപെൻഷനുകൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നതിനുവേണ്ടി ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ട് മുഖേന നടപ്പിലാക്കി വരുന്ന ഡി.ബി.ടി.(Direct Benefit Transfer) പദ്ധതിയുടെ ഭാഗമായാണ് ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടത്.

(ഡി) പരിഗണനയിലില്ല.

അംഗൻവാടിക്ക് കെട്ടിടനിർമ്മാണം

337 (1811) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിലെ 4-ാം വാർഡിലെ അംഗൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുകിട്ടിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക 2015-16 വർഷത്തിൽ കുറുവ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിന് 7,10,000 രൂപ പ്രോജക്ട് നമ്പർ 33 ആയി 2015-16 വർഷത്തിൽ കുറുവ ഗ്രാമപഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

(ഡി) പദ്ധതിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly